(ബി) എത്ര സി.എച്ച്.സി.-കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതുണ്ടെന്നും നിലവിലുള്ളതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ 278 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 214 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും സൃഷ്ടിച്ചിട്ടില്ല. 42 പി.എച്ച്.സി. കളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 71 പി.എച്ച്.സി.കളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു.

(ബി) 71 സി.എച്ച്.സി.കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ നിലവിലില്ല. ഹെൽത്ത് സൂപ്പർവൈസറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

**പഴം - പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത്**

16 (T 3447) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന പഴം-പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത് പരിശോധിക്കുന്നതിനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പഴം, പച്ചക്കറി എന്നിവയുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും വകുപ്പ് ഉപയോഗപ്പെടുത്താറുണ്ട്.

**പനി ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ**

17 (3448) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വിവിധ തരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലയിലും എത്ര പേരാണ് മരണപ്പെട്ടതെന്ന് വിശദമാക്കാമോ ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദ വിവരം അനുബന്ധം I-ൽ കാണാവുന്നതാണ്.*

(ബി) വിശദാംശങ്ങൾ അനുബന്ധം II-ൽ കാണാവുന്നതാണ്.*

**പനിമൂലമുള്ള മരണങ്ങൾ**

18 (3449) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജനുവരി മാസം മുതൽ എത്ര പനിമരണങ്ങൾ റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിധത്തിലുള്ള പനികളാണ് ഇതിനകം റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് അനുബന്ധം I-ൽ കാണാവുന്നതാണ്.*

(ബി) റിപ്പോർട്ട് അനുബന്ധം II-ൽ കാണാവുന്നതാണ്.*

**പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം**

19 (3450) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേക്കുവരുന്ന പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം ഒഴിവാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ് നാട് അധികൃതരുമായി ചേർന്ന് നടത്തിയ നടപടികളുടെ വിശദവിവരം അറിയിക്കുമോ ;

(ബി) തദ്ദേശ ഉപയോഗത്തിനും, കേരളത്തിലേക്ക് അയയ്ക്കാനും വെവ്വേറെ കാർഷിക വിഭവങ്ങളാണ് തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala.Legislative Assembly